# ISM ആദർശ പാഠശാല

വിഷയം:

1. ആദർശ പഠനത്തിന്റെ അനിവാര്യത.

2. തൗഹീദ് - ശിർക്ക്

**പാഠശാലാ അധ്യാപകർക്കുള്ള നിർദേശങ്ങൾ**

(a) ഒരു മണിക്കൂറാണ് പാഠശാലയുടെ മുഖ്യ ഭാഗത്തിന് ഉപയോഗപ്പെടുത്തേണ്ടത്. 40 മിനുട്ട് വിഷയാവതരണവും 20 മിനുട്ട് ചർച്ചയുമാണ് രീതി. ലക്ഷ്യം നിറവേറുമാറ് യുക്തം പോലെ സമയക്രമീകരണം സ്വീകരിക്കാം.

(b) കേവലം ക്ലാസ് എന്നതിലുപരി പഠനം തന്നെ ലക്ഷ്യമായി കാണുക. പ്രധാന ആയത്തുകളിൽ ഒന്നെങ്കിലും പഠിക്കാനുള്ള അവസരം ഉണ്ടായിരിക്കണം.

(c) നൽകുന്ന വിഷയസൂചകങ്ങൾ വിപുലീകരിച്ച് വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കത്തവിധം അവതരിപ്പിക്കുക.

(d) പ്രവർത്തകരുടെ സജീവ സാന്നിധ്യം ഒരു കടമയായി ഏറ്റെടുക്കും വിധം ഉദ്ബോധനങ്ങൾ ഉണ്ടാവണം.

(e) മൂല്യനിർണയം സംസ്ഥാന തലത്തിൽ വ്യവസ്ഥാപിതമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ പഠിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ മുൻകൂട്ടി ഉണർത്തുക. പാഠഭാഗങ്ങൾ എഴുതി രേഖപ്പെടുത്തൽ, തുടർപഠനം പരിശീലനം, ആയത്തുകൾ പഠിക്കൽ, ഹാജർ തുടങ്ങിയ രംഗങ്ങളിൽ ശ്രദ്ധയുണ്ടാവുക.

**ആദർശ പഠനത്തിന്റെ പ്രാധാന്യം**

സൂചനകൾ മാത്രം. വിശദമായി അവതരിപ്പിക്കത്തക്ക വിധം നിർദേശിക്കുന്ന റഫറൻസ് ഗ്രന്ഥങ്ങളോ ഉചിതമായ മറ്റുള്ളവയോ ഉപയോഗപ്പെടുത്തുക.

1. ഇതര സൃഷ്ടികളിൽ നിന്ന് മനുഷ്യരുടെ വ്യതിരിക്തത.

(a) നന്മതിന്മക്ക് സാധ്യതയുണ്ട്: ഖുർആൻ (ത്വീൻ 4,5,6)

(b) പഠനം, ആശയ വിനിമയം എന്നിവ സാധ്യമാണ്. ഖുർആൻ (റഹ്മാൻ 1-5)

(c) ആരാധനയും അനുഷ്ഠാനങ്ങളും കൃത്യതയോടെ നിർവഹിക്കുകയാണ് സൃഷ്ടിപ്പിന്റെ ലക്ഷ്യം.

2. ആരാധനാ കാര്യങ്ങൾ, വിശ്വാസ വിഷയങ്ങൾ അന്ധമായി സ്വീകരിക്കാനല്ല, മറിച്ച് കാര്യകാരണ ബന്ധത്തോടെയും ബുദ്ധിപരമായും ഉൾക്കൊള്ളാൻ മനുഷ്യൻ വിശദീകരിച്ച് അവതരിപ്പിക്കുകയാണ് ഖുർആൻ (ഖു. 2:21-25)

3. ഒരു കാര്യം വ്യവസ്ഥാപിതമായി നിർവഹിക്കാൻ അറിവ് വേണം. അതിനാൽ സാധാരണ ഭൗതിക ജീവി തകാര്യങ്ങൾ തന്നെ പഠിക്കുന്നതിനെപ്പോലും മതം പ്രോത്സാഹിപ്പിച്ചു.

4. വിജ്ഞാന സമ്പാദനത്തിന് ഇസ്‌ലാം നല്കിയ പ്രാധാന്യം ഉണർത്തുക.

5. മനുഷ്യർ ഭൗതിക പഠനത്തിന് കാണിക്കുന്ന താല്പര്യവും ത്യാഗവും ആത്മീയ പഠന രംഗങ്ങളിൽ കാണുന്നില്ല. നമ്മുടെ കാര്യങ്ങൾ തന്നെ തെളിവാണ്.

6. `അറിവുള്ളവനും ഇല്ലാത്തവനും തുല്യമല്ലെന്ന' ഖുർആൻ വചനം എല്ലാ നിലക്കും ശ്രദ്ധ നല്കുന്നു. അറിവുള്ളവരുടെ ഭക്തി, മതബന്ധം, പ്രബോധന താല്പര്യം, ആത്മാർഥത എന്നീ കാര്യങ്ങളിലെല്ലാം വ്യത്യാസം കാണും- കാണണം (ഖുർആൻ)

7. ആദർശപഠനം നാൾക്കുനാൾ കുറഞ്ഞുവരിക വഴി പലതരം തെറ്റുകളും കടന്നുവരുന്നു.

ഉദാ: പുതിയ ആചാരങ്ങൾ, ഇതര സംസ്കാരങ്ങൾ സ്വീകരിക്കൽ, ഫാഷൻ ഭ്രമം.

8. കേവലം നമസ്കാര കാര്യങ്ങളുടെ ശരിയായ അറിവ് പോലും പലർക്കും കുറവല്ലേ...

9. തൗഹീദ്, സുന്നത്ത് കാര്യങ്ങൾ നിർബന്ധമായും അറിയേണ്ട കാര്യങ്ങൾ പുതിയ തലമുറയിൽ കുറഞ്ഞ് വരികയാണ്. ഇത് ഭാവിയിൽ ദുരന്തങ്ങൾക്ക് വഴിവെക്കും.

. മതവിജ്ഞാനങ്ങളുടെ കുറവ്, പണ്ഡിതരുടെ അഭാവം, ഇതര വിജ്ഞാനീയങ്ങളിൽ അമിത ശ്രദ്ധ എന്നിവ അന്ത്യനാളിന്റെ

ലക്ഷണമായി കണ്ടത് പ്രത്യേകം ഉണർത്തുക.

***

11. ആദർശ പഠനം നമ്മുടെ ജോലിയല്ല, പരലോകത്ത് വിചാരണ നേരിടേണ്ട ബാധ്യതയാണ്.

12. ആദർശ പഠനത്തിന് രണ്ട് വർഷത്തെ പ്രത്യേക പദ്ധതിക്ക് ഐ എസ് എം രൂപം നല്കിയിരിക്കുന്നു.

13. നമ്മുടെ ബാധ്യത നിർവഹണ വഴിയിൽ നിന്നും നാം കൃത്യതയും ശ്രദ്ധയും പുലർത്തുക.

14. ഒരു മാസത്തിൽ രണ്ട് മണിക്കൂർ മതപഠനത്തിന് ചെലവഴിക്കാൻ നാം സന്നദ്ധരല്ലെങ്കിൽ പിന്നെ എങ്ങനെ നാഥന്റെ അനുഗ്രഹത്തിന് നാം അപേക്ഷിക്കും?

ആദർശ പഠന പ്രാധാന്യം വിശദീകരിച്ച ശേഷം തൗഹീദ്, ശിർക്ക്, പ്രാധാന്യം, ഗൗരവങ്ങൾ അറിയിക്കുക.

<u>തൗഹീദ്</u>

l ഉദ്ദേശ്യം എന്ത്?

l താല്പര്യം എന്ത്?

l തൗഹീദ്- വിശ്വാസിയുടെ ആദർശ ബലം

l അടുത്തറിയുക

l തൗഹീദ് ശരിയായി പരിശോധിക്കേണ്ടതിന്റെ ഗൗരവം

(a) സ്വർഗ പ്രവേശനത്തിന് അനിവാര്യം

(b) കർമ സ്വീകാര്യതക്ക് നിർബന്ധം

(c) എല്ലാ നന്മയുടെയും സ്രോതസ്സ്

(d) സമകാല കേരള മുസ്‌ലിം ആദർശ വ്യതിയാനങ്ങളും നമ്മുടെ തൗഹീദിന്റെ വ്യതിരിക്തതയും/ നവ യാഥാസ്ഥിതികത സൂചിപ്പിക്കുക.

തുടർപഠനത്തിന് ആദർശ പാഠശാല അവസരം ഒരുക്കുന്നു.

**<u>ശിർക്ക്</u>**

- ഗൗരവം
- പ്രവാചകർ ശക്തമായി താക്കീത് നൽകി.
- അണുമണി തൂക്കം പാടില്ല.
- തെറ്റാൻ / ശിർക്ക് കടന്ന് വരുന്ന വഴികൾ അതീവ നിസ്സാരവും ആവാം.
- നമുക്ക് തെറ്റ് പറ്റാം- നവയാഥാസ്ഥിതികരുടെ പുതിയ ശിർക്ക് വ്യാഖ്യാനങ്ങൾ-ജിന്ന് etc.
- ശിർക്കിലേക്ക് കാലക്രമേണയല്ല പെട്ടെന്നു തന്നെ വ്യതിചലിക്കാം.
- ഗൗരവം ഉൾക്കൊണ്ട് ശ്രദ്ധയുണ്ടാവുക.
- വിശദ പഠനം- പാഠശാല അവസരം ഒരുക്കുന്നു.
- തുടർപഠനത്തിന് പ്രേരണയേകുംവിധം സമാപിക്കുക.
- നിർദേശങ്ങൾ അറിയിക്കുമല്ലോ.

വിശദ വായനക്ക് നാം പ്രസിദ്ധീകരിക്കുന്ന തൗഹീദ്, വിഷയങ്ങളിലെ ബുക്കുകൾ വായിക്കുക.

ശബാബിൽ പ്രസിദ്ധീകരിച്ചുവരുന്ന സി പി ഉമർ സുല്ലമിയുടെ തൗഹീദ് വിഷയാധിഷ്ഠിത ലേഖനം ശ്രദ്ധിക്കുമല്ലോ.